പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 526 2.7.2014 ന് മറുപടിയ്ക്ക്

## ഗാർഹിക തൊഴിലാളികൾക്കുള്ള ക്ഷേമനിധി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി..രവീന്ദ്രനാഥ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ .കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ )<br>ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) ഗാർഹിക തൊഴിലാളികൾക്ക് അന്തസ്സായ തൊഴിൽ സാഹചര്യവും മാന്യമായ വേതനവും ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) 2010 മാർച്ച് 9 ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ. 32/2010/തൊഴിൽ പ്രകാരം ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ 2011 മുതൽ ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) തൊഴിലിടങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നുമായി ഇവർ ചൂഷണത്തിനു വിധേയരാകേണ്ടി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം ഏജൻസികളുടെ പ്രവർത്തനം പരിശോധിക്കാൻ തയ്യാറാകുമോ; സ്വകാര്യ വ്യക്തികളും അനധികൃത സ്ഥാപനങ്ങളും ഏജൻസിയാകുന്നതിൽ നിന്ന് വിലക്കിക്കൊണ്ട് കുടുംബശ്രീ, സേവ തുടങ്ങിയ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങളെ മാത്രം ഈ രംഗത്ത് അനുവദിക്കാൻ തയ്യാറാകുമോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽ വകുപ്പ്, "കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്" എന്ന നിർവ്വചനത്തിൽപ്പെടുത്തി നിയമാനുസൃതമുള്ള രജിസ്ട്രേഷനാണ് ഏജൻസികൾക്ക് നൽകുന്നത്. കുടുംബശ്രീ, സേവ തുടങ്ങിയ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങളെ മാത്രം ഈ രംഗത്ത് അനുവദിക്കുന്നതു സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

| | |
|---|---|
| സി) മുൻ സർക്കാർ, ഗാർഹിക തൊഴിലാളികൾക്കായി ആരംഭിച്ച ക്ഷേമനിധി പദ്ധതിയുടെ പ്രവർത്തനം അറിയിക്കുമോ? | സി) 2011-ൽ ആരംഭിച്ച കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവധന സഹായം, റിട്ടയർമെന്റ് ആനുകൂല്യം, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ